**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5665** **08-11-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇൻബേഴ്സ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർക്കാർ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും 2015 മുതൽ ഓരോ വർഷവും എത്ര പേർക്ക് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ആനുകൂല്യം ലഭിച്ചിട്ടുണ്ട്; ഇതിന് ഓരോ വർഷവും ചെലവായ തുക എന്നീ വിവരങ്ങൾ ലഭ്യമാണോ; | (എ) | കേരളത്തിലെ സർക്കാർ ജീവനക്കാരുടേയും അവരുടെ കുടുംബാംഗങ്ങളുടേയും, സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിൽ നടത്തിയ ചികിത്സാ ചെലവുകളുടെ മെഡിക്കൽ റീ-ഇമ്പേഴ്സമെന്റിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ശിപാർശകളിന്മേൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ / ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമെന്ന് അറിയിക്കുന്ന തുക, മറ്റ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ അഭിപ്രായം അറിയിക്കുക മാത്രമാണ് ധന വകുപ്പ് ചെയ്യുന്നത്. കൂടാതെ, സർക്കാർ ആശുപത്രിയിലെ ചികിത്സാ ചെലവുകൾ അതത് ഭരണ വകുപ്പാണ് റീഇമ്പേഴ്സ് ചെയ്തു നൽകുന്നത്. അതിനാൽ ഓരോ വർഷവും എത്ര പേർക്ക് മെഡിക്കൽ റീ-ഇമ്പേഴ്സമെന്റ് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും, ഇതിൽ നിന്നും ശസ്ത്രക്രിയകളുടെ എണ്ണം സംബന്ധിച്ച കണക്കുകളും ധന വകുപ്പിൽ ലഭ്യമല്ല. എന്നാൽ വിവിധ വകുപ്പുകളിൽ നിന്നും അതാത് വർഷത്തെ "Final Settlement"- ലേയ്ക്കായി ലഭ്യമാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും (2015 മുതൽ) ചെലവായ തുകയുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്. (ഓരോ വർഷവും ചെലവായ തുക) വർഷം തുക (കോടിയിൽ) 2015-16 39.32 2016-17 43.35 2017-18 47.40 2018-19 46.67 2019-20 47.24 2020-21 49.11 |
| (ബി) | ഇതിൽ 2015 മുതൽ വിവിധ ശസ്ത്രക്രിയകൾക്ക് ഓരോ വർഷവും ചെലവായ തുകയും എണ്ണവും ലഭ്യമാണോ; | (ബി) | (ഓരോ വർഷവും ചെലവായ തുക) വർഷം തുക (കോടിയിൽ) 2015-16 39.32 2016-17 43.35 2017-18 47.40 2018-19 46.67 2019-20 47.24 2020-21 49.11 മേൽ കണക്കുകളിൽ നിന്നും വിവിധ ശസ്ത്രക്രിയകൾക്ക് ഓരോ വർഷവും ചെലവായ തുകയുടെ കണക്ക് ഇനം തിരിച്ചെടുക്കാൻ നിർവ്വാഹമില്ല. |

| | | | |
|---|---|---|---|
| (സി) | ഇതിന് നൽകുന്ന ഭീമമായ തുക ഇവർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തി ഇൻഷ്വറൻസ് ഏജൻസികളെക്കൊണ്ട് ചെയ്യിക്കുന്നകാര്യം പരിഗണിക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാന സർക്കാർ ജീവനക്കാർ കൂടാതെ നിലവിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യം ലഭിക്കാത്ത പെൻഷൻകാർക്കും കൂടി നിർദ്ദിഷ്ട ചികിത്സാ പ്രക്രിയകൾക്ക് നിശ്ചിത പ്രതിമാസ പ്രീമിയം വിഹിതം ഈടാക്കി പണരഹിത ചികിത്സാ സൗകര്യം ലക്ഷ്യമാക്കിയുള്ള പദ്ധതിയായ 'മെഡിസെപ്പ്' e-tender പ്രക്രിയകളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പിലാക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതി ഇപ്രകാരം വിഭാവനം ചെയ്തിരിക്കുന്നതിനാൽ സർക്കാർ ജീവനക്കാർക്കായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് നൽകുന്നതിനായി പ്രതിവർഷം നീക്കിവയ്ക്കുന്ന തുക ഉപയോഗിച്ച് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നത് പരിഗണനയിലില്ല എന്നും പദ്ധതി പ്രാവർത്തികമാകുന്ന പക്ഷം, medical reimbursement സൗകര്യം, ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടാത്ത out patient ചികിത്സകൾക്കായി പരിമിതപ്പെടുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ